**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

പ്രിയ സുഹൃത്തുക്കളെ,

വിഷയം: സോഷ്യൽ ഓഡിറ്റ് റിപ്പ്ോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണവും നിർവ്വഹണവും എത്രമാത്രം കാര്യക്ഷമമാണെന്ന് വിലയിരുത്തി ജനങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിന് സോഷ്യൽ ഓഡിറ്റിന് സുപ്രധാനമായ പങ്കാണ് വഹിക്കാനുള്ളത്. അതുകൊണ്ട് തന്നെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചിട ത്തോളം പ്രധാനപ്പെട്ട രേഖയാണ്. സംസ്ഥാനത്താകെ ഏകീകൃതമായ ഘടനയോടെയും രൂപമാതൃകയിലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായകമായ ഒരു സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഈ മാതൃകയിൽ തയ്യാറാക്കുന്ന റിപ്പോർട്ട് ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിനും എം.ഐ.എസ്സിൽ സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ അപ്-ലോഡ് ചെയ്യുന്നതിനു സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ. എൻ.രമാകാന്തൻ**
ഡയറക്ടർ
എം.ജി.എൻ.ആർ.ഇ.ജി.എ.
സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം

തിരുവനന്തപുരം
10.12.2021

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്-2021-22

**I. അടിസ്ഥാന വിവരങ്ങൾ :**

- സംസ്ഥാനം :
- ജില്ല :
- ബ്ലോക്ക് :
- ഗ്രാമപഞ്ചായത്ത് :
- വാർഡ് നമ്പർ, പേര് :
- സോഷ്യൽ ഓഡിറ്റ് കാലയളവ് :
- സോഷ്യൽ ഓഡിറ്റ് ആരംഭിച്ച തീയതി :
- സോഷ്യൽ ഓഡിറ്റ് അവസാനിച്ച തീയതി :
- ഗ്രാമസഭ തീയതി :

**II. ആമുഖം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിന്റെ നിയമപരമായ പിൻബലം, പ്രാധാന്യം, അനിവാര്യത എന്നിവ സംബന്ധിച്ച് രണ്ടോ, മൂന്നോ വാചകങ്ങളിൽ ലഘുവായ വിശദീകരണം നടത്തുക. പദ്ധതിയുടെ ഗുണഭോക്താക്കളായ ജനങ്ങൾ ഉൾപ്പെട്ട പൗരസമൂഹമാണ് സോഷ്യൽ ഓഡിറ്റിലൂടെ പദ്ധതിയുടെ നേട്ട-കോട്ടങ്ങളും ശക്തി-ദൗർബ്ബല്ല്യങ്ങളും വിലയിരുത്തുക എന്നത് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്. ഇത്തരം വിലയിരുത്തലിലൂടെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും നിലനിൽക്കുന്ന പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഫലപ്രദമായും കാര്യക്ഷമമായും സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക നേട്ടങ്ങൾ ഉറപ്പാക്കിക്കൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കാൻ കഴിയുമെന്ന് ആമുഖത്തിൽ വ്യക്തമാക്കേണ്ടതുണ്ട്.

**III. സോഷ്യൽ ഓഡിറ്റ് രീതി ശാസ്ത്രം:**

സോഷ്യൽ ഓഡിറ്റിംഗിനായി സ്വീകരിച്ചിട്ടുള്ള സമീപനരീതി-ശാസ്ത്രം എന്നിവ അടുത്ത ഭാഗത്തായി ചുരുക്കി വ്യക്തമാക്കണം. പദ്ധതി ആസൂത്രണവും നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗത്തിൽപ്പെട്ടവരുമായി കൂടിയാലോചിച്ചുകൊണ്ട് പരസ്പര ചർച്ചയിലൂടെയും ബോധ്യപ്പെടലിലൂടെയും നിലനിൽക്കുന്ന പോരായ്മകൾ പരിഹരിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സഹായമകമായ ബഹുജനവിദ്യാഭ്യാസ രീതി ശാസ്ത്രമാണ് സോഷ്യൽ ഓഡിറ്റിംഗിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാവുന്നതാണ്. പ്രധാനപ്പെട്ട രീതിശാസ്ത്രം താഴെപ്പറയുന്നവയാണെന്ന് സൂചിപ്പിക്കുക.

- ബന്ധപ്പെട്ട നിർവ്വഹണ ചുമതലയുള്ളവരുമായി കൂടിയാലോചിച്ച്കൊണ്ട് തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കൽ
- സോഷ്യൽ ഓഡിറ്റിംഗിന് മുന്നോടിയായുള്ള പ്രാരംഭ യോഗം
- രജിസ്റ്ററുകളുടെയും രേഖകളുടെയും പരിശോധന
- ഫീൽഡ് പരിശോധന: പ്രവൃത്തികൾ നടന്ന പ്രദേശം, വ്യക്തിഗത ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള നേരിട്ടുള്ള വിലയിരുത്തൽ, ബന്ധപ്പെട്ട ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരുമായുള്ള കൂടിക്കാഴ്ച ആശയ വിനിമയം, വിവരശേഖരണം,

രേഖകളുടെ വസ്തു നിഷ്ഠത ഫീൽഡ് യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വിലയിരുത്തൽ.

- ഇവയെ അടിസ്ഥാനമാക്കിയുള്ള സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യാറാക്കൽ.
- കരട് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ബന്ധപ്പെട്ട നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുമായി പങ്ക് വയ്കുകയും ഇതിന്മേൽ അവിടെ അഭിപ്രായങ്ങൾ ആരായലും.
- ഇത്തരം വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ കരട് റിപ്പോർട്ടിന്റെ കരട് അന്തിമമാക്കൽ
- ഗ്രാമസഭാ യോഗത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്യൽ.
- ഗ്രാമസഭ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അന്തിമാക്കൽ.
- പബ്ലിക്ക് ഹിയറിംഗ് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ജനങ്ങൾക്കും ജനകീയ സംഘടനകൾക്കും പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് അറിയുന്നതിനും പേരായ്മകൾ സംഭവിച്ചുണ്ടെങ്കിൽ അവ എങ്ങിനെ തിരുത്തി പദ്ധതി കര്യക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കൽ.

**IV. സോഷ്യൽ ഓഡിറ്റ് നടത്തിയ കാലയളവിലെ പദ്ധതിയുമായി ബന്ധപ്പെട്ട വിശദംശങ്ങൾ**

| ഇനം | എം.ഐ.എസ്. പ്രകാരം (രൂപയിൽ) | ലഭ്യമായ ഫയലുകളുടെയും രേഖകളുടെയും പ്രകാരം (രൂപയിൽ) |
|---|---|---|
| അവിദഗ്ദ്ധ വേതന ചെലവ് | | |
| വിദഗ്ദ്ധ വേതനഘടകം | | |
| സാധനസാമഗ്രികളുടെ ഘടകം | | |
| ആകെ | | |

**V. പരിശോധനയ്ക്ക്/വിലയിരുത്തലിന് വിധേയമാക്കിയ പ്രവർത്തികൾ എത്ര?**

- പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭിച്ച കുടുംബങ്ങൾ എത്ര?
- ലഭിച്ച തൊഴിൽ ദിനങ്ങൾ എത്ര?
- തൊഴിൽ കാർഡ് ലഭിച്ചവർ എത്ര?
- സജീവമായി തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായവർ എത്ര?

**VI. ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ**

- സ്ഥലവും തീയതിയും സമയവും
- ഗ്രാമസഭയോഗത്തിൽ പങ്കെടുത്തവരുടെ എണ്ണം എത്ര?
- പുരുഷൻമാർ എത്ര? സ്ത്രീകൾ എത്ര?
- ഗ്രാമസഭ ചർച്ചകളിൽ സജീവമായി പങ്കെടുത്തവർ എത്ര?

**VII. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പങ്കെടുത്ത റിസോഴ്സ് പേഴ്സൺമാരെ സംബന്ധിച്ച വിവരങ്ങൾ**

- പേര് വിവരങ്ങൾ
- ഓരോരുത്തരും എത്ര മനുഷ്യ ദിനങ്ങൾ സോഷ്യൽ ഓഡിറ്റിംഗിനായി ചെലവഴിച്ചു.

**VIII.** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച സുപ്രധാനമായ നിരീക്ഷണങ്ങൾ, വിലയിരുത്തൽ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിശദമായ വിലയിരുത്തൽ റിപ്പോർട്ട്. (ഇതിനകം ഇംഗ്ലീഷിൽ തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളതാണ്)

**IX. സോഷ്യൽ ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടതും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂതണത്തിലും നിർവ്വഹണത്തിലും നിലനിൽക്കുന്നതും പരിഹാരം കാണേണ്ടതുമായ പ്രശ്നങ്ങൾ**

1. സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ചവ
2. സാമ്പത്തിക വ്യതിയാനം സംബന്ധിച്ചവ
3. പ്രക്രിയാ വ്യതിയാനം സംബന്ധിച്ചവ
4. തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ചവ. ഇവയെല്ലാം തന്നെ എം.ഐ.എസ് നമ്പറിന്റെ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായും കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾ കണക്കിലെടുത്തികൊണ്ടും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**X. കഴിഞ്ഞകാല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ കൈകക്കൊണ്ട പരിഹാര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കണം.**

- പണം തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ
- രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ ഏതെല്ലാം
- ജിവനക്കാർക്ക് എതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ

**XI. തൊഴിൽ കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ**

- തൊഴിൽ കാർഡ് തൊഴിലാളികളുടെ പക്കൽ ആണോ സൂക്ഷിക്കുന്നത്: അതേ/അല്ല
- തൊഴിൽ കാർഡിൽ വിവരങ്ങൾ രേഖപ്പെടുത്തി പുതുക്കി തയ്യാറാക്കുന്നുണ്ടോ? ഉണ്ട്/ഇല്ല
- തൊഴിൽ കാർഡ് പുതുതായി നൽകുന്നുണ്ടോ? ഉണ്ട്/ഇല്ല

**XII. തൊഴിലും കൂലിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ**

- തൊഴിൽ ആവശ്യപ്പെടുന്നതിന് സംവിധാനം ഉണ്ടോ? അതിന് രസീത് കൊടുക്കുന്നുണ്ടോ?
- ആവശ്യപ്പെടുന്നവർക്ക് മുഴുവൻ യഥാസമയം തൊഴിൽ നൽകുന്നതിന് കഴിയുന്നുണ്ടോ?
- തൊഴിലാളികൾക്ക് യഥാസമയം വേതനം ലഭിക്കുന്നുണ്ടോ?

**XIII. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭരണ നിർവ്വഹണം സംബന്ധിച്ച്**

- മസ്റ്റർറോൾ തൊഴിലിടങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടോ?
- എല്ലാ മാസത്തിലും ഒരു ദിവസം തൊഴിൽ ദിനമായി ആഘോഷിക്കുന്നുണ്ടോ?
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ഏഴ് പ്രധാനപ്പെട്ട രജിസ്റ്ററുകളും പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടോ?

**XIV. പദ്ധതിയുമായി ബന്ധപ്പെട്ട സുതാര്യതയും ഉത്തരവാദിത്വത്തോടെയുള്ള നിർവ്വഹണവും സംബന്ധിച്ച്**

- സാമൂഹ്യവികസന പദ്ധതി പ്രദേശത്ത് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ?

- വ്യക്തിഗത/കുടുംബത്തിന് പ്രയോജനകരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ? ഉണ്ട്/ഇല്ല
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രചാരണം നൽകുന്നതിന് ഏതെങ്കിലും ചുമരെഴുത്തുകൾ നടത്തിയിട്ടുണ്ടോ? ഉണ്ട്/ഇല്ല
- പദ്ധതിയുമായി ബന്ധപ്പെട്ട് പരാതി പരിഹാരത്തിനുള്ള സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ? ഉണ്ട്/ഇല്ല

**XV. ഗ്രാമസഭ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ**

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതും മുൻഗണന നിശ്ചയിക്കുന്നതും ഗ്രാമസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണോ? ആണ്/അല്ല
- അങ്ങിനെ അല്ലെങ്കിൽ ആരാണ്, എവിടെയാണ് പ്രവൃത്തികൾ സംബന്ധിച്ച തീരുമാനം എടുക്കുന്നത്?

**XVI. തൊഴിലിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

- കുടിവെള്ള ലഭ്യത ഉണ്ടോ?
- വിശ്രമിക്കുന്നതിനുള്ള സൗകര്യം ഉണ്ടോ?
- പ്രഥമ ശുശ്രൂഷ സാമഗ്രികൾ ലഭ്യമാണോ?
- തൊഴിലിടങ്ങളിൽ പണിയെടുക്കുന്ന കൈകുഞ്ഞുങ്ങളുള്ള അമ്മമാരുടെ സൗകര്യം പരിഗണിച്ചുകൊണ്ട് ശിശു സംരക്ഷണ സംവിധാനം ഉണ്ടോ?

**XVII. പരിശീലനം, കാര്യപ്രാപ്തി വികസനം**

- മേറ്റുമാരെ നിശ്ചയിച്ചിരിക്കുന്നത് ഗ്രാമസഭാ യോഗ തീരുമാനമനുസരിച്ചും സുതാര്യമായും ആണോ? ആണ്/അല്ല
- മേറ്റ്മാർക്ക് പദ്ധതിയെ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ടോ? ഉണ്ട്/ഇല്ല
- തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനാവശ്യമായ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ ലഭ്യമാണോ? ഉണ്ട്/ഇല്ല
- തൊഴിലുറപ്പ് പദ്ധതിയ്ക്ക് മാത്രമായുള്ള ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ ഉണ്ടോ? ഉണ്ട്/ഇല്ല
- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ എഞ്ചിനീയർ, ഓവർസീയർ എന്നിവർക്ക് പദ്ധതിയെ സംബന്ധിച്ച പരിശീലനം ലഭ്യമായിട്ടുണ്ടോ? ഉണ്ട്/ഇല്ല.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള ഉദ്യോഗസ്ഥർ പഞ്ചായത്തിൽ ഉണ്ടോ? ഉണ്ട്/ഇല്ല

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ
MGNREGA സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം

തിരുവനന്തപുരം
10.12.2021